No. CEE/5354/PGM-2019/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

## പത്രക്കുറിപ്പ്

## പി.ജി മെഡിക്കൽ പ്രവേശനം – 2019

## ഒന്നാംഘട്ടത്തിൽ ലഭിച്ച പ്രവേശനം ആവശ്യമില്ലായെങ്കിൽ റദ്ദ് ചെയ്യുന്നതിനുള്ള സമയം സംബന്ധിച്ച്

സംസ്ഥാനത്തെ മെഡിക്കൽ പി.ജി പ്രവേശനത്തിനുള്ള ഒന്നാംഘട്ട അലോട്ട്മെന്റിനെ തുടർന്ന് കോളേജുകളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ആൾഇന്ത്യാ ക്വാട്ടയിൽ അലോട്ട്മെന്റ് ലഭിച്ചതിനാലോ, മറ്റേതെങ്കിലും കാരണങ്ങളാലോ നേടിയ പ്രവേശനം റദ്ദ് ചെയ്യണമെന്നുണ്ടെങ്കിൽ ആയതിനുള്ള അവസരം **2019 ഏപ്രിൽ 25 വൈകുന്നേരം 5 മണി**വരെ ലഭ്യമാകുന്നതാണ്. ഇത്തരത്തിൽ ഒന്നാംഘട്ടത്തിലെ പ്രവേശനം റദ്ദ് ചെയ്യുന്ന വിദ്യാർത്ഥികളെ സംസ്ഥാനത്തെ രണ്ടാംഘട്ട അലോട്ട്മെന്റിൽ അവരുടെ നിലവിലുള്ള ഓപ്ഷനുകളിലേയ്ക്ക് അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല. എന്നാൽ അവർ ഒന്നാംഘട്ട അലോട്ട്മെന്റിൽ ഒടുക്കിയിട്ടുള്ള ഫീസ് പ്രവേശന നടപടികൾ പൂർത്തിയായ ശേഷം തിരികെ നൽകുന്നതാണ്. കൂടാതെ ഇവർക്ക് സംസ്ഥാനത്ത് നടത്തുന്ന മോപ്പ്–അപ്പ് കൗൺസലിംഗിൽ ആൾ ഇന്ത്യാ ക്വാട്ടാ അലോട്ട്മെന്റ് നിലനിർത്തുന്നില്ലായെന്ന വ്യവസ്ഥയ്ക്ക് വിധേയമായി പങ്കെടുക്കാവുന്നതാണ്. ആൾഇന്ത്യാ ക്വാട്ടയിലേയ്ക്കുള്ള രണ്ടാം അലോട്ട്മെന്റിനു ശേഷം ആൾഇന്ത്യാ ക്വാട്ടാ അലോട്ട്മെന്റ് നിലനിർത്തുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് മെഡിക്കൽ കൗൺസലിംഗ് കമ്മിറ്റി (MCC)/ഡയറക്ടർ ജനറൽ ഓഫ് ഹെൽത്ത് സർവ്വീസസ് (DGHS) ലഭ്യമാക്കുന്ന പക്ഷം പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികളെ സംസ്ഥാനത്തെ മോപ്പ്–അപ്പ് കൗൺസലിംഗിൽ പങ്കെടുപ്പിക്കുന്നതല്ല.

സംസ്ഥാനത്തെ രണ്ടാം ഘട്ട അലോട്ട്മെന്റിന് മുന്നോടിയായുള്ള ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ, പുനഃക്രമീകരണം, ആവശ്യമില്ലാത്തവ റദ്ദാക്കൽ എന്നിവയ്ക്കുള്ള വെബ്സൈറ്റ് സൗകര്യം 22.04.2019 മുതൽ ലഭ്യമാകുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
16.04.2019